### (iv) ഇസ്‌ലാമിക ചരിത്രം മലയാളത്തിൽ

മലയാളത്തിൽ ഇസ്‌ലാമിക ചരിത്രശാഖ താരതമ്യേന ശുഷ്കമാണ്. ഉള്ളവ തന്നെ അധികവും വിവർത്തനവും. ഇസ്‌ലാമിക ചരിത്രത്തെ സമഗ്രമായി സ്പർശിക്കുന്ന മൗലിക രചനകൾ തീരെയില്ല എന്നു തന്നെ പറയാം. ആദ്യകാല പത്രപ്രവർത്തകനും മതപണ്ഡിതനുമായിരുന്ന കെ.സി. കോമുക്കുട്ടി മൗലവി രചിച്ച ചില ചരിത്ര ഗ്രന്ഥങ്ങൾ ഇവ്വിഷയകമായി ആദ്യ സംരംഭം എന്ന നിലയിൽ ശ്രദ്ധേയമാണ്. മൗലാനാ മുഹ്ഠമ്മദ് അസ്‌ലം ജീറാജ്പൂരി ഉർദുവിൽ രചിച്ച എട്ടു വാല്യങ്ങളുള്ള *താരീഖുൽഉമ്മഃ* എന്ന ബൃഹദ്ഗ്രന്ഥത്തിന്റെ ആദ്യ നാലു വാല്യങ്ങൾ യഥാക്രമം *റസൂൽ കരീം, ഖുലഫാഉർറാശിദീൻ, ബനൂഉമയ്യഃ ഖലീഫഃമാർ, അബ്ബാസിയാ ഭരണം* എന്നീ പേരുകളിൽ അദ്ദേഹം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിരുന്നു. ടി. ജമാൽ മുഹമ്മദിന്റെ *അറബികളുടെ ചരിത്രവും* ഒ. ആബുവിന്റെ *മുസ്‌ലിം രാജ്യ ചരിത്രവു*മാണ് ഇസ്‌ലാമിക ചരിത്രം കൈകാര്യം ചെയ്യുന്ന മറ്റു രണ്ട് പ്രധാന ഗ്രന്ഥങ്ങൾ. *അറബികളുടെ ചരിത്ര*ത്തിൽ അബ്ബാസികളുടെ പതനം വരെയുള്ള ചരിത്രമേ പ്രതിപാദിക്കുന്നുള്ളൂ. ഒ. ആബുവിന്റെ *മുസ്‌ലിം രാജ്യ ചരിത്ര*ത്തിൽ ആധുനിക കാലഘട്ടം വരെയുള്ള ചരിത്രം പരാമർശിക്കുന്നുണ്ടെങ്കിലും അത് വളരെ ഹ്രസ്വവും ബാഹ്യതല സ്പർശിയും മാത്രമാണ്. *ഉഥ്മാനീ രാജ്യചരിത്രം* എന്ന പേരിൽ ഉഥ്മാനികളുടെ ഒരു പ്രത്യേക ചരിത്രവും ഒ. ആബുവിന്റേതായുണ്ട്. കെ.കെ. മുഹമ്മദ് അബ്ദുൽ കരീമിന്റെ *ഖുലഫാഉർറാശിദീനും* (നാല് വാല്യം) അബ്ദുൽ ഖാദിർ മൗലവി അസ്ഹരിയുടെ *ഇസ്‌ലാമിക സാമ്രാജ്യവും* ഖിലാഫതുർറാശിദഃയുടെ അന്ത്യം വരെയുള്ള ഇസ്‌ലാമിക ചരിത്രം പ്രതിപാദിക്കുന്നു. കെ.കെ. മുഹമ്മദ് മദനിയുടെ *മുസ്‌ലിം ഭരണം സ്പെയ്നിലും സിസിലിയിലും* എന്ന ഗ്രന്ഥം മുസ്‌ലിം സ്പെയ്നിന്റെ ചരിത്രം ഏറക്കുറേ ഉൾക്കൊള്ളുന്നു. ഡോ. സി.കെ. കരീമിന്റെ *ചരിത്ര പഠനങ്ങൾ* ഇന്ത്യയിലെ മുസ്‌ലിം ഭരണകാലത്തെക്കുറിച്ചുള്ള പഠനമാണ്. കെ.പി. ബാലചന്ദ്രൻ ഇന്ത്യയിലെ മുഗൾ ഭരണാധികാരികളെക്കുറിച്ച് എട്ട് ചെറിയ വാല്യങ്ങളിലായി ഒരു ഗ്രന്ഥപരമ്പരയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജീവചരിത്രത്തിൽ വിശിഷ്യാ, പ്രവാചകന്മാരുടെയും സ്വഹാബികളുടെയും ജീവചരിത്രത്തിൽ ഒട്ടേറെ മലയാള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പി.കെ. മുഹമ്മദ് അലിയുടെ *മുഹമ്മദ്നബിയുടെ ജീവിതവും സന്ദേശവും,* ഷാഹുൽ ഹമീദിന്റെ *മുഹമ്മദ്നബിയുടെ ജീവിതസന്ദേശം,* അബ്ദുർറഹ്മാൻ മേത്തറുടെ *മുഹമ്മദ്നബി നിത്യ പൗർണമി,* എ.എസ്. മുഹമ്മദ് ആലപ്പുഴയുടെ *കർമയോഗി,* കാടേരി അബുൽകമാൽ മുഹമ്മദ് മൗലവിയുടെ *ലോകഗുരു* തുടങ്ങിയവ പ്രവാചക ചരിത്രവും കെ.സി. കോമുക്കുട്ടി മൗലവിയുടെ *ഉമർ ഫാറൂഖ്,* കെ.കെ. മുഹമ്മദ് മദനിയുടെ *സ്വഹാബികൾ, സ്വഹാബി വനിതകൾ,* അബ്ദുൽ ഖാദിർ പുല്ലങ്കോടിന്റെ *സഹാബിമാരുടെ ചരിത്രം,* ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ *ഫാറൂഖ് ഉമർ, ഉമറുബ്നു അബ്ദിൽ അസീസ്, അബൂഹുറയ്റഃ, അബൂദർരിൽ ഗിഫാരി,* ഇ.എൻ. ഇബ്റാഹീം മൗലവിയുടെ *സ്വിദ്ദീഖുൽ അക്ബർ,* അബ്ദുൽ ഖാദിർ കൊടുവള്ളിയുടെ *ഒന്നാം ഖലീഫഃ, ഹദ്റത് ആഇശഃ,* അബ്ദുസ്സലാം സുല്ലമിയുടെ *അബൂഹുറയ്റഃ,* അബൂബക്ർ നദ്‌വിയുടെ *ഇസ്‌ലാമിലെ മാതൃകാവനിതകൾ,* കെ.കെ. മുഹമ്മദ് അബ്ദുൽ കരീമിന്റെ *ഹദ്റത് ആഇശഃ,* ടി.കെ. മുഹമ്മദ് വെളിയംകോടിന്റെ *ഖദീജതുൽ കുബ്റാ* തുടങ്ങിയവ സ്വഹാബികളുടെ ചരിത്രവുമാണ്. കൂടാതെ ഹൈക്കലിന്റെ *ഹയാതു മുഹമ്മദ്, അബൂബക്ർ,* കെ.എൽ. ഗൗബയുടെ *ദ പ്രോഫറ്റ് ഓഫ് ഡസർട്ട്,* ഖുദ്‌രീബകിന്റെ *നൂറുൽ യഖീൻ,* അബൂസലീം അബ്ദുൽ ഹയ്യിന്റെ *ഹയാതെ ത്വയ്യിബഃ* തുടങ്ങിയ നബിചരിത്ര ഗ്രന്ഥങ്ങളും ഷാ മുഈനുദ്ദീൻ നദ്‌വിയുടെ *ഖുലഫായെ റാശിദീനും* ശിബ്‌ലി നുഅ്മാനിയുടെ *അൽഫാറൂഖും* സയ്യിദ് സുലൈമാൻ നദ്‌വിയുടെ *സീറത് ആഇശഃ*യും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

സംക്ഷിപ്തമെങ്കിലും ഇസ്‌ലാമിക ചരിത്രം സമഗ്രമായി സ്പർശിക്കുന്ന ഥർവത് സ്വൗലതിന്റെ *മില്ലതെ ഇസ്‌ലാമിയ്യഃ കീ മുഖ്തസ്വർ താരീഖ്, ഇസ്‌ലാമിക സമൂഹം ചരിത്ര സംഗ്രഹം* എന്ന പേരിൽ നാല് വാല്യങ്ങളായി റഹ്മാൻ മുന്നൂര് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചരിത്രകാരനും ഇസ്‌ലാമിക ചരിത്ര ദർശനത്തിന്റെ പിതാവുമായ ഇബ്നുഖൽദൂന്റെ *മുഖദ്ദിമഃ* മുട്ടാണിശ്ശേരിൽ എം. കോയക്കുട്ടി മൗലവി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പി.എ. സെയ്തു മുഹമ്മദിന്റെ *കേരള മുസ്‌ലിം ചരിത്രം,* പി.കെ. മുഹമ്മദ് കുഞ്ഞിയുടെ *മുസ്‌ലിംകളും കേരള സംസ്കാരവും,* സി.കെ. കരീമിന്റെ കേരളത്തിന്റെയും കേരള മുസ്‌ലിംകളുടെയും ചരിത്രം, സി.എൻ. അഹ്മദ് മൗലവിയും കെ.കെ. മുഹമ്മദ് അബ്ദുൽ കരീമും കൂടി രചിച്ച *മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം,* പ്രൊഫ. കെ.എം. ബഹാവുദ്ദീന്റെ *കേരള മുസ്‌ലിംകൾ: പോരാട്ടത്തിന്റെ ചരിത്രം* തുടങ്ങിയവ കേരള മുസ്‌ലിംകളുടെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ശ്രദ്ധേയമായ രചനകളാണ്. അറബി ഭാഷയിലാണെങ്കിലും സൈനുദ്ദീൻ മഖ്ദൂം എഴുതിയ *തുഹ്ഫതുൽ മുജാഹിദീനും* പ്രത്യേകം പരാമർശമർഹിക്കുന്നു. ആദ്യകാല കേരള മുസ്‌ലിം ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ഈ കൃതി മൂസാൻ കുട്ടി, വേലായുധൻ പണിക്കശ്ശേരി, സി. ഹംസഃ തുടങ്ങിയവർ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. മലയാളിയായ ഡോ. മുഹ്‌യിദ്ദീൻ ആലുവായ് അറബി ഭാഷയിൽ രചിച്ച ഗ്രന്ഥമാണ് *അദ്ദഅ്‌വതുൽ ഇസ്‌ലാമിയ്യഃ വ തത്വവ്വുറുഹാ ഫീ ശിബ്ഹിൽ ഖാർറതിൽ ഹിന്ദിയ്യഃ.* ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഇസ്‌ലാമിക പ്രബോധനത്തെയും അതിന്റെ വികാസത്തെയും കുറിച്ച നല്ലൊരു പഠനമാണിത്.

അറബിമലയാളത്തിലും ആദ്യകാലത്ത് ഇസ്‌ലാമിക ചരിത്രം രചിക്കപ്പെട്ടിരുന്നു. ശുജാഇ മൊയ്തു മുസ്‌ലിയാർ മൂന്ന് വാല്യങ്ങളിലായി രചിച്ച *ഫത്ഹുൽ ഫത്താഹ്* അറബി മലയാളത്തിലെ ശ്രദ്ധേയമായ ഇസ്‌ലാമിക ചരിത്ര ഗ്രന്ഥമാണ്. ആദംനബി മുതൽ അവസാന തുർകി ഖലീഫഃ സുൽത്വാൻ അബ്ദുൽ ഹമീദിന്റെ സ്ഥാനഭ്രംശം വരെയുള്ള ചരിത്രം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇ.കെ. മൗലവി കടവത്തൂർ രചിച്ച *ഖുലാസ്വതു സീറതുന്നബവിയ്യഃ,* വി.പി. മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാരും പി.എൻ. മുഹമ്മദ് മൗലവിയും ചേർന്നു രചിച്ച *ഖുലാസ്വതു താരീഖിൽ ഇസ്‌ലാമിയ്യഃ,* സി.എച്ച്. അബ്ദുല്ലാ മൗലവി അറബിയിൽനിന്ന് വിവർത്തനം ചെയ്ത *സീറതുന്നബവിയ്യഃ,* കെ.സി. കോമുക്കുട്ടി മൗലവി ഉർദുവിൽനിന്ന് വിവർത്തനം ചെയ്ത *സീറതുർറസൂൽ,* കെ.കെ. മുഹമ്മദ് അബ്ദുൽ കരീം രചിച്ച *ഫത്ഹുൽ ബയാൻ ഫീ സീറതിന്നബിയ്യിൽ അമീൻ,* അബ്ദുല്ലാ മൗലവി (തലശ്ശേരി)യുടെ *സീറതു അഹ്മദിയ്യഃ* തുടങ്ങിയവ അറബി മലയാളത്തിലെ പ്രധാന നബിചരിത്ര ഗ്രന്ഥങ്ങളാണ്.